23105681

**QP CODE: 23105681**

**Reg No : ....................**

**Name : ....................**

# B.A DEGREE (CBCS) REGULAR / REAPPEARANCE EXAMINATIONS, MARCH 2023

## Sixth Semester

## CHOICE BASED CORE COURSE - ML6CBT01 - MALAYALATHILE STHREE RACHANAKAL

Common for B.A Malayalam Language and Literature Model I, B.A Malayalam Language and Literature Model II Copy Editing & B.A Malayalam Language and Literature Model II Copy Writing

2017 Admission Onwards

281BAD30

Time: 3 Hours

Max. Marks : 80

*Instructions to Private candidates only: This question paper contains two sections. Answer SECTION I questions in the answer-book provided. SECTION II, Internal Examination questions must be answered in the question paper itself. Follow the detailed instructions given under SECTION II*

### പാർട്ട് എ

*അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.*

*ഓരോ ചോദ്യത്തിനും **2** മാർക്ക് വീതം.*

1. സ്ത്രീവാദനിരൂപണം -കുറിപ്പെഴുതുക.
2. ശരീരത്തിന്റെ ആനന്ദകരമായ അവസ്ഥകളെക്കുറിച്ചെഴുതാൻ സ്ത്രീ മടിക്കുന്നു- കാരണമെന്ത് ?
3. ആ സൗഹാർദ്ദത്തിനെന്തു വ്യാഖ്യാനമാണ് മറ്റുള്ളവർ കൊടുക്കുന്നതെന്നറിഞ്ഞപ്പോൾ വിലാസിനിക്ക് അമ്പരപ്പും വേദനയും തോന്നി.- എന്തുകൊണ്ട്
4. “നിശ്ശബ്ദമായി ചെയ്യേണ്ട ത്യാഗം വിളിച്ചുപറയുമ്പോൾ ഭോഗത്തിന്റെ ഫലം ചെയ്യും”- സന്ദർഭമേത് ?
5. “കുടുംബസംതൃപ്തിക്ക് സ്ത്രീ പുരുഷനേക്കാൾ കൂടുതൽ ശമ്പളം വാങ്ങാനോ കൂടുതൽ സമയം ജോലി ചെയ്യാനോ പാടില്ല എന്ന തത്വം വിജയൻ അന്ന് മനസ്സിലാക്കി”- എന്ന് ? സന്ദർഭം എഴുതുക

6. “ഇരുളേറിന രാവിലും പരം
പ്രഭയേറുന്നൊരഹസ്സിലും സമം
നയനങ്ങളടച്ചിടാതെയാ-
ങ്ങിവളെപാർത്തരുളുന്നു സന്തതം”- സന്ദർഭം വിശദമാക്കുക.

7. “ശ്യാമേ, വിഷണ്ണയായി നില്ക്കേണ്ട, പോക നീ,
ഞാനുമ പ്പൊൽക്കുഴൽ കേട്ടല്ലോ” - സന്ദർഭവും ആശയവും വിശദമാക്കുക.

8. വയലിൻ മടിത്തുമ്പിൽ മനോഹരമായി നിന്ന കാലത്തെ കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ ?

9. “ഓ, ഇതിലിത്രയെക്കന്തുവാ ?എന്ന് ചിന്തിക്കാനിടയായ സാഹചര്യമെന്ത് ?

10. പാരിസ്ഥിതിക സ്ത്രീവാദം - കുറിപ്പെഴുതുക

11. സ്ത്രീ നാടകവേദി- കുറിപ്പെഴുതുക

12. നാടകങ്ങളിലെ പെണ്ണഭിനയങ്ങൾ- കുറിപ്പെഴുതുക

(10×2=20)

**പാർട്ട് ബി**

*ഒന്നര പുറത്തിൽ കവിയാതെ* ***ആറ്*** *ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.*

*ഓരോ ചോദ്യത്തിനും* ***5*** *മാർക്ക് വീതം.*

13. വിഷയത്തെ സമീപിക്കുമ്പോഴുള്ള ലിംഗപരമായ വ്യത്യസ്തതകൾ ആത്മകഥകളിൽ പ്രതിഫലിക്കുമോ- വിലയിരുത്തുക.

14. “അവിടെനിന്ന് തെന്നിമാറിയ സ്ത്രീകവിതയുടെ ഭർത്താവല്ല ഈശ്വരൻ. സ്ത്രീ തേടിക്കൊണ്ടിരിക്കുന്ന പുരുഷസത്തയാണ് ”- വിശദമാക്കുക.

15. “ജീവിതത്തിന് ആകപ്പാടെ ഒരു നിരാശയാ ”- ‘ഹൃദയപരമാർത്ഥി ’എന്ന കഥയിൽ ഈ വാചകത്തിനുള്ള പ്രാധാന്യമെന്ത് ?

16. “വിവേകശാലിയായ പെൺകുട്ടി ഈ സീരിയൽ അതീവരസകരം തന്നെ” എന്ന് പറയാൻ കാരണമെന്ത് ?

17. “തിരയേണ്ടതില്ലിനി പാരിൻ കടം വീടി
തിരിയെവിളിക്കുന്നു മുക്തിമാർഗ്ഗം”- അർത്ഥഭംഗി വിശദമാക്കുക.

18. “വിസ്മയത്തിന്റെ
വിരൽത്തുമ്പ് കൊണ്ട്
നീയെന്നെയെന്നാണൊരു
പെണ്ണാക്കിമാറ്റുക” ഈ ചോദ്യത്തിന്റെ ഔചിത്യഭംഗി എന്ത്?

19. “നീ ആകാശവും ഭൂമിയുമാണ് എങ്കിൽ തീർച്ചയായും ഞാൻ അതിനിടയിലൂടെ സഞ്ചരിക്കും”- സന്ദർഭവും ആശയവും വിശദമാക്കുക.

20. നാടകവേദിയിൽ സ്ത്രീ കഥാപാത്രങ്ങളുടെ ഭാഷയ്ക്കുള്ള പ്രത്യേകതകൾ ആദ്യകാലനാടകങ്ങളെ മുൻനിർത്തി വിശകലനം ചെയ്യുക.

21. പ്രേതത്തിന് നാടകത്തിലുള്ള സ്ഥാനമെന്ത് ?

(6×5=30)

## പാർട്ട് സി

*നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.*
*ഓരോ ചോദ്യത്തിനും **15** മാർക്ക് വീതം.*

22. സ്ത്രീ ആത്മകഥകളുടെ പ്രത്യേകതകൾ വിവരിക്കുക.

23. മാതൃത്വത്തിന്റെയും ഭാര്യാത്വത്തിന്റെയും അവസ്ഥകളെ ‘ ഭ്രാന്ത് ’ എന്ന കഥ ആവിഷ്ക്കരിക്കുന്നതെങ്ങനെ ?

24. പ്രമേയസ്വീകരണത്തിലെ വ്യത്യസ്തത ബാലാമണിയമ്മ, സി. മേരി ബനീഞ്ജ, സുഗതകുമാരി എന്നിവരുടെ കവിതകളെ ആസ്പദമാക്കി വിവരിക്കുക.

25. പരിസ്ഥിതിയേയും സ്ത്രീയേയും ആഖ്യാനം ചെയ്യുന്ന രീതി , ഭാഷാ എന്നിവയിൽ വന്നിരിക്കുന്ന പുതിയ മാറ്റങ്ങൾ അടയാളപ്പെടുത്തുക.

(2×15=30)